DESPATCHED
On. 13-8-21



318/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 319(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 4198/SIC-G4/2021)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

തീയതി: 2021 ഓഗസ്റ്റ് 3

ശ്രീ. റ്റി. ജോസ് മാത്യു,
തുടിയംപ്ലാക്കൽ വീട്,
ഇടപ്പാടി പി.ഒ., പാല,
കോട്ടയം – 686 578
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സീനിയർ സൂപ്രണ്ട്,
കേരള വനിതാ കമ്മീഷൻ,
ലൂർദ്ദ് പള്ളിയ്ക്ക് സമീപം,
പട്ടം പി.ഒ., പി.എം.ജി., തിരുവനന്തപുരം.

2) അപ്പീൽ അധികാരി & ഡയറക്ടർ,
കേരള വനിതാ കമ്മീഷൻ,
ലൂർദ്ദ് പള്ളിയ്ക്ക് സമീപം,
പട്ടം പി.ഒ., പി.എം.ജി., തിരുവനന്തപുരം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 25/01/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 07/03/2020 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 28/02/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 03/04/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 22/03/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 25/03/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 30/03/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 20/04/2021 |
| ഹിയറിംഗ് നടന്ന തീയതി | 30/7/2021-(വീഡിയോ/ഓഡിയോ) |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. റ്റി. ജോസ് മാത്യു, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, 25.1.2020-ലെ ടിയാന്റെ

വിവരാവകാശ അപേക്ഷയ്ക്കും 28.2.2020-ലെ ഒന്നാം അപ്പീൽ അപേക്ഷയ്ക്കും നാളിതുവരെ മറുപടി നൽകിയില്ലെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ഹർജിക്കാരന്റെ ഭാര്യ ശ്രീമതി ലൂസി ജോസ് 01/01/2018-ൽ P4/6734/KTM/KWC/18 നമ്പറായി നൽകിയ പരാതി പരിഗണിച്ച് 26/02/2018-ൽ ടിയാളെ നേരിൽ കേട്ടിട്ടുള്ളതാണെന്നും എന്നാൽ ആയതിന്മേൽ എടുത്ത നടപടി നാളിതുവരെ അറിയിച്ചിട്ടില്ലെന്നും, അന്വേഷണം നടത്തിയിട്ടില്ലെന്നും ആയതിനാൽ മേൽപ്പടി ഫയലിലെ നോട്ട് ഫയലിന്റെയും, കറണ്ട് ഫയലിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകണമെന്നാണ്. ടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി യാതൊരു മറുപടിയും സമയബന്ധിതമായി നൽകാത്തതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് 30 ദിവസം കഴിഞ്ഞിട്ടും യാതൊരു വിവരവും നൽകിയില്ല എന്നും ആയതിനാൽ ടിയാന്റെ അപ്പീൽ അപേക്ഷ പരിഗണിച്ച് എത്രയും വേഗം വിവരം നൽകണമെന്നുമാണ്.

3. 25.1.2020-ലെ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 7.3.2020-ന് നൽകിയിട്ടുള്ള മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയിൽ സൂചിപ്പിച്ച ഫയൽ നമ്പർ തെറ്റായിരുന്നതിനാൽ ടി ഫയൽ കണ്ടെത്താനും സമയബന്ധിതമായി മറുപടി നൽകാനും സാധിച്ചിട്ടില്ലെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ടത് മൂന്നാം കക്ഷി വിവരമായതിനാൽ വിവരാവകാശ നിയമപ്രകാരം മൂന്നാം കക്ഷിയായ ശ്രീമതി ലൂസി ജോസിന്റെ സമ്മതമില്ലാതെ അപേക്ഷയ്ക്ക് മറുപടി നൽകാൻ സാധിക്കില്ലെന്നും സമ്മതം ലഭിക്കുന്ന മുറയ്ക്ക് മറുപടി നൽകുന്നതാണെന്നുമാണ് അറിയിച്ചത്.

4. 17/04/2021 തീയതി രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. റ്റി.ജോസ് മാത്യുവിന്റെ 28.2.2021-ലെ വിവരാവകാശ അപ്പീൽ 4.3.2021-നാണ് ലഭിച്ചിട്ടുള്ളതെന്നും ആയതിന് 3.4.2021-ന് മറുപടി നൽകിയിട്ടുണ്ടെന്നും ഹർജിക്കാരൻ കമ്മീഷനിൽ അപ്പീൽ നൽകിയിട്ടുള്ളത് മേൽപ്പടി തീയതിക്ക് മുമ്പ് 22.3.2021-നാണെന്നും വിവരാവകാശ നിയമ പരിധിയിൽ വരുന്ന കേസ് സംബന്ധമായ രേഖകൾ പ്രത്യേകം ഫയൽ ചെയ്ത് റെക്കോർഡ്സ് സെക്ഷനിൽ സംരക്ഷിച്ചു വരുന്നുവെന്നും കമ്പ്യൂട്ടർ വത്ക്കരണം സാദ്ധ്യമായിട്ടില്ലെന്നും കമ്പ്യൂട്ടറും സോഫ്റ്റ്‌വെയറും അപ്ഗ്രേഡ് ചെയ്യുന്നതിനായി എൻ.ഐ.സി.യിൽ അപേക്ഷ നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, രണ്ടാം എതിർകക്ഷി 3.4.2021–ന് ഹർജിക്കാരൻ ആവശ്യപ്പെട്ട മറുപടി നൽകിയതായി കാണുന്നു. വിവരാവകാശ നിയമപ്രകാരം അപേക്ഷകൻ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ഒരു മൂന്നാം കക്ഷിയുമായി ബന്ധപ്പെട്ടതോ, മൂന്നാം കക്ഷി നൽകിയതോ ആണെങ്കിൽ മൂന്നാം കക്ഷിക്ക് അപേക്ഷ ലഭിച്ച് 5 ദിവസത്തിനകം നോട്ടീസ് നൽകി ആയത് ലഭിച്ച് 10 ദിവസത്തിനുള്ളിൽ മൂന്നാം കക്ഷി തന്റെ അഭിപ്രായം ഇൻഫർമേഷൻ ഓഫീസറെ അറിയിക്കേണ്ടതാണ്. 10 ദിവസത്തിനകം അഭിപ്രായം അറിയിച്ചിട്ടില്ലെങ്കിൽ മൂന്നാം കക്ഷിക്ക് എതിർപ്പില്ലായെന്ന അനുമാനത്തിൽ ഉചിതമായ തീരുമാനം ഇൻഫർമേഷൻ ഓഫീസർക്ക് കൈക്കൊള്ളാവുന്നതാണ്. എന്നാൽ ഇക്കാര്യത്തിൽ വിവരാവകാശ അപേക്ഷ ലഭിച്ച് വളരെ വൈകി 7.3.2020–നാണ് മൂന്നാം കക്ഷിയായ ശ്രീമതി ലൂസി ജോസിനോട് അഭിപ്രായം ചോദിച്ചതായി കാണുന്നത്. എന്നാൽ പിന്നീട് ഒന്നാം എതിർകക്ഷി മറുപടി നൽകിയതായും കാണുന്നില്ല. അതുപോലെ തന്നെ അപേക്ഷ ലഭിച്ച് ഏകദ്ദേശം 40 ദിവസത്തോളം കഴിഞ്ഞതിന് ശേഷമാണ് (3.4.2021) രണ്ടാം എതിർകക്ഷി മറുപടി ലഭ്യമാക്കിയിരിക്കുന്നത്. വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകാത്തത് വിവരാവകാശ നിയമത്തിലെ 7(1) വകുപ്പുപ്രകാരം കുറ്റകരവും ശിക്ഷാർഹവുമായതിനാൽ ടി വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷികൾക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പുപ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷികൾക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

6. അപ്പീൽ ഹർജിയിൻമേൽ രണ്ടാം എതിർകക്ഷി 3.4.2021–ന് നൽകിയിട്ടുള്ള മറുപടി 12.4.2021–നാണ് ഹർജിക്കാരന് ലഭിച്ചതായി കാണുന്നത്. ആയത് കമ്മീഷനിൽ നിന്നും 30.3.2021–ന് റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് ലഭിച്ചതിന് ശേഷമാണെന്ന് കമ്മീഷൻ അനുമാനിക്കുന്നു. ആയതിനാൽ ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ രണ്ടാം എതിർകക്ഷി കൂടുതൽ ജാഗ്രത പുലർത്തണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. 3.4.2021–ന് നൽകിയ മറുപടിയിൽ ഹർജിക്കാരന് ആക്ഷേപമുള്ളപക്ഷം ടി മറുപടി തയ്യാറാക്കിയതിന് ആധാരമായ രേഖകൾ നേരിട്ട് പരിശോധിച്ച് ആവശ്യമായ പകർപ്പുകൾ സൗജന്യമായി എടുക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ഒന്നാം എതിർകക്ഷി ചെയ്തു കൊടുക്കേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

8. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ഓഗസ്റ്റ് 3–ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

ഒപ്പ്
ഡോ. വിശ്വാസ് മേത്ത,
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്:

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

യു.എസ്